Email:
**contact.seckerala@gmail.com**
**electionker@gmail.com**
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**20th October 2015**

## തിരഞ്ഞെടുപ്പ് പൊതു നിരീക്ഷകരെ നിയോഗിച്ചു

തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും പെരുമാറ്റച്ചട്ടങ്ങളും പൊതുവായി നിരീക്ഷിച്ച് വിലയിരുത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉന്നത ഉദ്യോഗസ്ഥരെ നിരീക്ഷകരായി നിയോഗിച്ചു.

അധികാരപരിധിയിൽ വരുന്ന റിട്ടേണിംഗ് ഓഫീസർമാർ, പ്രിസൈഡിംഗ് ഓഫീസർമാർ, പോളിംഗ് ഓഫീസർമാർ എന്നിവർ വീഴ്ച വരുത്തിയാൽ നടപടിയെടുക്കാൻ നിരീക്ഷകർക്ക് കഴിയും. നിയമങ്ങൾ, ചട്ടങ്ങൾ, തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ തുടങ്ങിയിവ പാലിക്കുന്നതിൽ ഓഫീസർമാർ വരുത്തുന്ന വീഴ്ചകൾ ഗൗരവമായി കാണാൻ നിരീക്ഷകരോട് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

ചുമതലകളിൽ വീഴ്ച വരുത്തുന്ന പോളിംഗ് ഉദ്യോഗസ്ഥരെയും പോലീസ് ഉദ്യോഗസ്ഥരെയും മാറ്റാൻ ബന്ധപ്പെട്ട അധികൃതരോട് നിരീക്ഷകർക്ക് നിർദ്ദേശിക്കാം. പോളിംഗ് ദിനത്തിലും കൗണ്ടിംഗ് ദിനത്തിലും തിരഞ്ഞെടുപ്പ് പ്രക്രിയ തടസപ്പെട്ടാലും നിർദ്ദേശകർ ഇടപെട്ട് ഉത്തരവുകൾ നൽകും. ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച് നിരീക്ഷകർ കമ്മീഷന് ദൈനംദിന റിപ്പോർട്ടുകൾ നൽകും. റിട്ടേണിംഗ് ഓഫീസർമാരുമായി ചർച്ച നടത്തി പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകൾക്ക് നിരീക്ഷകർ മുൻഗണന നൽകും. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ വിളിച്ചു ചേർക്കുന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേതടക്കമുള്ള വിവിധ യോഗങ്ങളിലും നിരീക്ഷകരുടെ സാന്നിധ്യമുണ്ടാകും.

തിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും ആവശ്യമായ ഘട്ടങ്ങളിൽ നൽകാനും നിരീക്ഷകർക്ക് ചുമതലയുണ്ട്. പ്രശ്നബാധിതമെന്ന് വിലയിരുത്തിയിട്ടുള്ള ബൂത്തുകൾ റിട്ടേണിംഗ് ഓഫീസർമാർ സന്ദർശിച്ചുവെന്നും നിരീക്ഷകർ ഉറപ്പാക്കും. പോസ്റ്റൽ ബാലറ്റ് വിതരണം, പോലീസ് ഉദ്യോഗസ്ഥരുടെയും പോളിംഗ് ഉദ്യോഗസ്ഥരുടെയും പരിശീലനം, വിവിധ ഫോമുകളുടെയും സ്റ്റേഷനറി സാധനങ്ങളുടെയും വിതരണം എന്നിവയിലും നിരീക്ഷകരുടെ മേൽനോട്ടമുണ്ടാകും.

പെരുമാറ്റച്ചട്ട ലംഘനം കണ്ടെത്തിയാൽ ഇതിൽ ഉടനടി നടപടിയെടുക്കാൻ നിരീക്ഷകർ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദ്ദേശം നൽകും. ക്രമസമാധാനപാലനം ഉറപ്പു വരുത്തുന്നതിനും തിരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കുന്നത് തടയുന്നതിനും വിപുലമായ അധികാരങ്ങൾ നിരീക്ഷകർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുണ്ട്. വോട്ടെണ്ണൽ ദിവസവും മേൽനോട്ടവുമായി നിരീക്ഷകർ രംഗത്തുണ്ടാകും.

വിവിധ ജില്ലകളിലെ പൊതുനിരീക്ഷകരുടെ വിശദാംശങ്ങൾ ചുവടെ. ഉദ്യോഗസ്ഥന്റെ പേര്, ഇപ്പോഴുള്ള തസ്തിക, നിരീക്ഷണ ചുമതലയുള്ള ജില്ല എന്ന ക്രമത്തിൽ

1. ഡോ. എം.ടി. രജു ഐ.എ.എസ്, ചീഫ് എക്സിക്യുട്ടിവ് ഓഫീസർ, അസാപ് മിഷൻ, തിരുവനന്തപുരം
2. കെ. രാമചന്ദ്രൻ ഐ.എ. എസ്, സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കൊല്ലം
3. വി. സനൽ കുമാർ ഐ.എ.എസ്, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, പത്തനംതിട്ട
4 പി.എം.ഫ്രാൻസിസ് ഐ.എ.എസ് ഡയറക്ടർ ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ്, ആലപ്പുഴ
5. ഇ.ദേവദാസൻ ഐ.എ.എസ്, സെക്രട്ടറി, ലാന്റ് ബോർഡ്, കോട്ടയം
6. ഡോ. പി പുകഴേന്തി ഐ.എ.എസ്, ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, ഇടുക്കി
7. ജോസഫ് തോമസ് ഐ.എ.ഫ്.എസ്, ഡയറക്ടർ, ഇക്കോ ടൂറിസം, എറണാകുളം
8. ദീപ. കെ.എസ് ഐ.എഫ്.എസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (റിസർച്ച്), തൃശ്ശൂർ
9. ഷെയ്ക്ക് ഹൈദർ ഹുസൈൻ ഐ.എഫ്.എസ്, പ്രിൻസിപ്പൽ, കേരള ഫോറസ്റ്റ് സ്കൂൾ, വാളയാർ, പാലക്കാട്
10. വി.വി. ഷാജിമോൻ ഐ.എഫ്.എസ് , മാനേജിംഗ് ഡയറക്ടർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, മലപ്പുറം
11. സി. മീനാക്ഷി ഐ.എഫ്.എസ്, അസിസ്റ്റന്റ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കോഴിക്കോട്
12. ആർ. അടലരസൻ, ഐ.എഫ്.എസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, വയനാട്
13. സുയോഗ് പാട്ടീൽ സുബാഷ് റാവു, അസിസ്റ്റന്റ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കണ്ണൂർ
14. കൃഷ്ണ കുമാർ ഐ.എഫ്.എസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കാസർഗോഡ്

*(എസ്.ഇ.സി... 119/2015)*

## പോളിംഗ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ ലഭ്യത ഉറപ്പുവരുത്തണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോഗിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഉറപ്പ് വരുത്തണമന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

പോളിംഗ് സ്റ്റേഷനു വേണ്ട വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ, ടോയ്‌ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നേരിട്ട് പരിശോധിച്ച് ലഭ്യത ഉറപ്പുവരുത്തണം.

വൈദ്യുതി, കുടിവെള്ളം തുടങ്ങിയ ലഭ്യമാകാത്ത സാഹചര്യത്തിൽ വൈദ്യുതി ബോർഡ്, ജല അതോറിറ്റി എന്നിവയുടെ പ്രാദേശിക ഓഫീസുമായി ബന്ധപ്പെട്ട് അവ ലഭ്യമാക്കണം. വൈദ്യുതി ലഭ്യമല്ലാത്തിടത്ത് പോർട്ടബിൾ ടൈപ്പ് ജനറേറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

പോളിംഗ് സ്റ്റേഷനുകളിൽ ആവശ്യമായി വരുന്ന ഫർണിച്ചറുകളും, വെളിച്ചവും പോളിംഗിന് തലേദിവസം തന്നെ ലഭ്യമാക്കണം. കുടിവെള്ളം ലഭ്യമായില്ലെങ്കിൽ അവ പുറമെ നിന്ന് ഏർപ്പാടാക്കേണ്ടതാണ്. ടോയിലറ്റ് സൗകര്യം

ലഭ്യമല്ലാത്തിടത്ത് പരിസരത്തുള്ള സ്ഥാപനങ്ങളിലോ വീടുകളിലോ അതിനുവേണ്ട സൗകര്യം ലഭ്യമാക്കണം. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് അടിയന്തിരമായി അനുവദിക്കണമെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

*(എസ്.ഇ.സി... 120/2015)*

## ശബ്ദ മലിനീകരണം അരുത്

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു പ്രചാരണവുമായി ബന്ധപ്പെട്ട് ശബ്ദ മലിനീകരണമുണ്ടാക്കുന്നവിധം ഉച്ചഭാഷിണി ഉപയോഗിച്ചാൽ കർശന നടപടിയെടുക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മൈക്ക് ഓപ്പറേറ്ററുടെ ലൈസൻസ് റദ്ദാക്കി ഉപകരണങ്ങൾ പിടിച്ചെടുക്കും. തിരഞ്ഞെടുപ്പ് യോഗങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെട്ട സമയത്തിന് രണ്ടുമണിക്കൂർ മുമ്പ് മാത്രമേ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാവൂ. യോഗം കഴിഞ്ഞാലുടൻ ഓഫാക്കുകയും വേണം. ഉച്ചഭാഷിണികൾ, മൈക്ക് സെറ്റ് തുടങ്ങിയ ഉപയോഗിക്കുമ്പോൾ വ്യവസായമേഖലയിൽ 75നും 70നും ഇടയിലും, വാണിജ്യ മേഖലയിൽ 55നും 45നും ഇടയിലും, ആശുപത്രി, വിദ്യാലയങ്ങൾ എന്നിവയുടെ 100 മീറ്റർ പരിധിയ്ക്കുള്ളിലെ നിശബ്ദ മേഖലയിൽ 50നും 40നും ഇടയിലും രാവിലെ ആറുമുതൽ രാത്രി 10 വരെ മാത്രമേ ഉച്ചഭാഷിണികൾ/മൈക്രോഫോൺ/മറ്റ് വാദ്യോപകരണങ്ങൾ എന്നിവ പ്രവർത്തിപ്പിക്കാവൂ. ആശുപത്രികൾ/വിദ്യാലയങ്ങൾ തുടങ്ങിയവയുടെ 100 മീറ്റർ പരിധിക്കുള്ളിലെ നിശബ്ദ മേഖലയിൽ സൗണ്ട് ആംപ്ലിഫയർ ഉപയോഗിച്ച് 50 ഡെസിബെലിന് മുകളിൽ ശബ്ദം പുറപ്പെടുവിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് ശബ്ദ മലിനീകരണം സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ കളക്ടറേറ്റിലെ തിരഞ്ഞെടുപ്പ് റൂമിൽ അറിയിക്കാം. സുപ്രീം കോടതിയുടെ 30.08.2000-ലെ വിധിയും കേരള ഹൈക്കോടതിയുടെ 21.01.2013-ലെ വിധിയും മാനിച്ച് തിരുവനന്തപുരം ജില്ലയിൽ 2014 നവംബർ മുതൽ ശബ്ദ മലിനീകരണ നിയന്ത്രണത്തിന് പൊതു മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യോഗങ്ങൾ നടത്തുന്നതിന് മൈക്ക് അനൗൺസ്മെന്റ് ആവശ്യമെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങണം. ക്രമസമാധാന പാലനത്തിലും ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പോലീസ് വകുപ്പിന് സാധ്യമാകത്തക്കവിധം യോഗം നടത്തുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥിയോ പാർട്ടി അധികാരികളോ പോലീസിനെ മുൻകൂട്ടി അറിയിക്കണം.

*(എസ്.ഇ.സി... 121/2015)*